## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 998 08.01.2014 ൽ മറുപടിയ്ക്ക്

## പട്ടികജാതിക്കാർക്കുള്ള ക്ഷേമ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി.എഫ്. തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി. യു. കുരുവിള | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടിക ജാതിക്കാർക്കായുള്ള ക്ഷേമ പദ്ധതികളുടെ ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ വിഹിതം കാര്യക്ഷമമായി വിനിയോഗി-ക്കുന്നതിന് സർക്കാർ തലത്തിൽ എല്ലാ മാസവും പുരോഗതി അവലോകനം നടത്തുകയും ഇതിന് തുടർച്ചയായി ഡയറക്ടർ നിലവിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുമായി പദ്ധതി അവലോകനം നടത്തുകയും നിർവ്വഹണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് ക്രിയാത്മകമായി ഇടപെട്ട് പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ യോഗം ജില്ലാ ഓഫീസർമാർ വിളിച്ച് ചേർക്കുകയും പദ്ധതി വിനിയോഗം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഈ രീതിയിൽ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി വിഹിതം ഒട്ടും തന്നെ ലാപ്സാകാതെ സമയ ബന്ധിതമായി വിനിയോഗിക്കാൻ വകുപ്പുതലത്തിൽ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| (ബി) | പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽ പലവിധ പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു. കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. 2012-13 സാമ്പത്തിക വർഷം ഇതിനായി 120 കോളനികളെ |

(---- 2)

തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 113 കോളനികളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2013-14 വർഷത്തിൽ 100 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ 2 കോളനികൾ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ കോളനിയിൽ ഒരു കോടി രൂപയുടെ സമഗ്ര വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിനു പുറമെ ഗാന്ധിഗ്രാമ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 12 കോളനികളിൽ പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള വികസന പദ്ധതികൾ വിവിധ ഏജൻസികൾവഴി നടപ്പിൽ വരുത്താൻ ആസൂത്രണം ചെയ്തു വരുന്നു.

Sali K.T

സെക്ഷൻ ഓഫീസർ